# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**നമ്പർ:** ഇ.എസ്.6/034217/12

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി: 05.03.2019

## കെ.എസ്.ആർ.ടി.സി, നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സ്
## ലേലം/ടെണ്ടർ പരസ്യം

കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൽ കച്ചവട ആവശ്യങ്ങൾക്കായി ഷോപ്പുകൾ അനുവദിക്കുന്നതിനായി **മുദ്രവച്ച ടെണ്ടറുകൾ** ക്ഷണിക്കുന്നു. ടെണ്ടർ തുറക്കുന്നതിനു മുൻപ് ലേലം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ സമർപ്പിച്ചവർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളു. **ഒരു വർഷമാണ്** ലൈസൻസ് കാലാവധി.

1. ഓരോ ഷോപ്പിനും വെവ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.
2. ഏറ്റവും കൂടുതൽ തുക **പ്രതിമാസ വാടക** ആയി വാഗ്ദാനം ചെയ്യുന്നവർക്കാണ് ഷോപ്പ് അനുവദിക്കുന്നത്. വിജയിയായ ടെണ്ടറർക്ക് ലേലം/ടെണ്ടർ നടത്തുന്ന അന്നേ ദിവസം തന്നെ താത്കാലിക സ്ഥിരീകരണ ഉത്തരവ് നല്കുന്നതാണ്. പ്രസ്തുത വ്യക്തി പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റിന്റെ 10% തുക ഒടുക്കേണ്ടതുമാണ്.
3. വിജയിയായ ടെണ്ടറർ കോർപ്പറേഷനാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന തുക പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടതാണ്. പ്രസ്തുത വ്യക്തി, പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 10% തുക ലേലം/ടെണ്ടർ ദിവസം തന്നെ ഒടുക്കേണ്ടതും ബാക്കി തുക ലേലം/ടെണ്ടർ തീയതി മുതൽ 30 ദിവസത്തിനകം ഒടുക്കേണ്ടതുമാണ്.
4. ഷോപ്പ് അനുവദിച്ചു കിട്ടുന്നവർ കടകളുടെ ചതുരശ്ര അടി വിസ്തീർണ്ണം അടിസ്ഥാനമാക്കി ലേലം /ടെണ്ടർ നടപടിയിലൂടെ നിശ്ചയിക്കപ്പെട്ട പ്രതിമാസ ലൈസൻസ് ഫീ ഒടുക്കേണ്ടതാണ്.
5. ലൈസൻസ് ഫീയോടൊപ്പം നിയമാനുസൃത GST യും ഒടുക്കേണ്ടതാണ്.
6. സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഈടാക്കുന്ന നികുതികളും ലൈസൻസി ഒടുക്കേണ്ടതാണ്.
7. ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് അതിൽനിന്നും പിൻവാങ്ങുവാൻ പാടുള്ളതല്ല.. അങ്ങനെ വന്നാൽ മേൽ പറഞ്ഞവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.
8. **തുടക്കത്തിൽ ഒരു വർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിക്കുന്നത്. നിലവിലെ ലൈസൻസ് ഫീയിൽ ഓരോ വർഷം കൂടുമ്പോഴും 15% വർദ്ധനവോടെയാണ്** ലൈസൻസിയെ തുടരുവാൻ അനുവദിക്കുന്നത്. പരമാവധി പത്ത് വർഷം വരെയാണ് ലൈസൻസ് കാലാവധി പുതുക്കി